പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 196.

28.11.2018 ൽ
മറുപടിക്ക്

## കൊച്ചിയിലെ റീജിയണൽ ഫോറൻസിക് ലാബ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ | പിണറായി വിജയൻ (മുഖ്യമന്ത്രി) |

(എ) സംസ്ഥാനത്തെ ഫോറൻസിക് ലാബുകളിൽ എത്ര കേസുകളാണ് പരിശോധനയ്ക്കായി കെട്ടിക്കിടക്കുന്നത് എന്ന് സ്ഥാപനം തിരിച്ചും വർഷം തിരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(എ) സംസ്ഥാനത്തെ ഫോറൻസിക് സയൻസ് ലാബോറട്ടികളിൽ പരിശോധനയ്ക്കായി കെട്ടിക്കിടക്കുന്ന കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | യൂണിറ്റിന്റെ പേര് | 2014 | 2015 | 2016 | 2017 | 2018 | ആകെ |
|---|---|---|---|---|---|---|---|
| 1 | FSL, Tvpm | 169 | 353 | 1065 | 1771 | 2507 | 5865 |
| 2 | RFSL, Thrissur | 0 | 17 | 403 | 618 | 915 | 1953 |
| 3 | RFSL, Kannur | 169 | 317 | 361 | 270 | 433 | 1550 |
| 4 | RFSL, Kochi | 0 | 0 | 0 | 22 | 226 | 248 |

(ബി) കേസുകളുടെ ഫോറൻസിക് റിപ്പോർട്ട് യഥാസമയം ലഭിക്കാത്തതിനാൽ കുറ്റവാളികൾ രക്ഷപ്പെടുന്നതും ഇരയ്ക്ക് നീതി ലഭിക്കാതെ പോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കൊച്ചിയിലെ റീജിയണൽ ലാബിന്റെ പണി എന്നാണ് ആരംഭിച്ചതെന്നും ഇപ്പോൾ ഇതിന്റെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ; നിർമ്മാണ കരാർ പ്രകാരം എന്നാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നതെന്നും വ്യക്തമാക്കാമോ;

(സി) 30.11.2016 തീയതിയിലെ കെ.പി.എച്ച്.സി.സി-യുടെ MoPF/6848/2015 നമ്പർ പ്രവർത്തനാനുമതി പ്രകാരം കൊച്ചിയിൽ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം 28.02.2018 തീയതിയിലായിരുന്നു നിർമ്മാണം പൂർത്തിയാക്കേണ്ടിയിരുന്നത്. ചുറ്റുമതിൽ, ഗേറ്റ്, ഗാർഡ് റൂം എന്നിവ നിർമ്മിക്കുന്നതിനും ഓഫീസ് സജ്ജീകരിക്കുന്നതിനുമുള്ള നടപടി പൂർത്തീകരിച്ചുവരുന്നു.

| | | |
|---|---|---|
| (ഡി) കൊച്ചിയിൽ പുതിയ ലാബ് പ്രവർത്തനം ആരംഭിക്കുന്നതിന്റെ തടസ്സം എന്താണെന്ന് വിശദമാക്കാമോ; ഇതിന് പരിഹാരം കാണുന്നതിന് വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;<br><br>(ഇ) കേസുകൾ അട്ടിമറിയ്ക്കുക എന്ന ഗൂഢ ലക്ഷ്യത്തോടെ വകുപ്പിലെ ചില ഉന്നതരുടെ ഗൂഢാലോചനയാണ് കൊച്ചിയിലെ ലാബിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള തടസ്സമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ജീവനക്കാരെ വിന്യസിച്ച് ലാബിന്റെ പ്രവർത്തനം എന്ന് തുടങ്ങാനാകുമെന്ന് വ്യക്തമാക്കാമോ? | (ഡി) യും (ഇ) യും | കൊച്ചിയിൽ പുതിയ ലാബ് പ്രവർത്തനം ആരംഭിക്കുന്നതിന് നിലവിൽ തടസ്സമൊന്നുമില്ല. പരീക്ഷണ ശാലകളുടെ സജ്ജീകരണം പൂർത്തിയാകുന്ന മുറയ്ക്ക് ലാബ് പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ